പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3654

15/03/2018 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡ് വഴി വിദേശ നിർമിത മദ്യം

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | കൺസ്യൂമർ ഫെഡ് വഴി വിദേശ നിർമ്മിത മദ്യം വിൽക്കുന്നതിന് കൺസ്യൂമർ ഫെഡ് അനുമതി തേടിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. വിദേശ നിർമ്മിത വിദേശ മദ്യ ഷോപ്പുകൾ നടത്താനുള്ള അനുമതി കൺസ്യൂമർ ഫെഡറേഷനു കൂടി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് അപേക്ഷ നൽകിയിട്ടുണ്ട്. |
| ബി) | എവിടെയൊക്കെയുള്ള ഔട്ട് ലെറ്റ് വഴിയാണ് ഇത്തരം മദ്യം വില്ക്കുന്നതിന് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, വലിയ മാളുകൾ എന്നിവിടങ്ങളിൽ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനാണ് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടങ്ങളിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ എയർപോർട്ടിനടുത്തും വിദേശികൾ കൂടുതലായുള്ള പത്തനംതിട്ട, മലപ്പുറം എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിലുമാണ് ഇത്തരം മദ്യം വിൽക്കുന്നതിന് ഉദ്ദേശിക്കുന്നത്. |
| സി) | കൺസ്യൂമർ ഫെഡിന്റെ എല്ലാ മദ്യശാലകളും ആധുനികവൽക്കരിക്കു-ന്നതിന് പദ്ധതിയുണ്ടോ; എത്ര കോടി രൂപയാണ് ഇക്കാര്യത്തിനായി മുടക്കുന്നത്; വിശദമാക്കാമോ; | സി) | കൺസ്യൂമർഫെഡിന്റെ മദ്യ വിൽപ്പന ശാലകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ മദ്യശാലകളിലും സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൺസ്യൂമർ ഫെഡിന്റെ 39 ഷോപ്പുകളിൽ 12 ഷോപ്പുകളിൽ കൂടി സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. സി.സി.റ്റി.വി ക്യാമറ, എയർ കണ്ടീഷൻ, മെയിന്റനൻസ് എന്നീ ഇനങ്ങളിലായി ഒരു ഷോപ്പിന് ശരാശരി 2 ലക്ഷം രൂപ ചെലവു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കൺസ്യൂമർ ഫെഡിന് മദ്യവില്പനയിൽ നിന്നും ശരാശരി പ്രതിദിനം ലഭിക്കുന്ന വരവ് എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | കൺസ്യൂമർ ഫെഡറേഷന്റെ 36 വിദേശ മദ്യ ഷോപ്പുകളിലും 3 ബിയർ ഷോപ്പുകളിലും നിന്നായി പ്രതിദിനം ശരാശരി 4 കോടി മുതൽ 4.50 കോടി രൂപവരെ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ